പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 156

# 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 156

# 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

43/2023.

# 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പീഠികയുടെ ഭേദഗതി.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) പീഠികയ്ക്കു പകരം താഴെപ്പറയുന്ന പീഠിക ചേർക്കേണ്ടതാണ്, അതായത് :—

"പീഠിക.—കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും, അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;".

3. 2 -ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 2 -ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തെ "(എഎ)" ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് :—

"(എ) 'ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ സംഘം' എന്നാൽ ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ളതും 1969-ലെ കേരള സഹകരണ സംഘ ആക്റ്റും (1969-ലെ 21) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് 1980 ജനുവരി 1-നു ശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ആനന്ദ് മാതൃക സഹകരണ സംഘങ്ങൾ എന്ന പേരിലുള്ള ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു ;";

(ii) (എം) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എംഎ) 'പരമ്പരാഗത പ്രാഥമിക ക്ഷീരസഹകരണ സംഘം' എന്നാൽ 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി, മലബാർ പ്രദേശങ്ങളിൽ അന്ന് നിലവിലുണ്ടായിരുന്ന സഹകരണ നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം പ്രസ്തുത ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുമനുസരിച്ച് 1980 ജനുവരി 1-ാം തീയതിയ്ക്കുമുമ്പ് വരെ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ളതുമായ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ, ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ എന്നിങ്ങനെയുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു ;".

4. 3 -ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 3 -ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന്റെ (iv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iv) കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങൾ, പാൽ ഉൽപ്പന്ന നിർമ്മാതാക്കൾ, സ്വകാര്യ/സഹകരണ ഡയറി ഉടമകൾ, കന്നുകാലികൾക്കുള്ള മരുന്ന് നിർമ്മാതാക്കളും വിതരണക്കാരും, കന്നുകാലി ബീജോൽപ്പാദനവും വിതരണവും നടത്തുന്നവർ എന്നിവരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വരവുകളോ; " ;

(ii) (4)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡത്തെ "(എഫ്)" ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് :—

"(ഇ) ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകരുടെ ഉരുക്കൾക്ക് ആവശ്യമായ ഔഷധങ്ങൾ, തീറ്റ, തീറ്റ-അനുബന്ധ വസ്തുക്കൾ, ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ എന്നിവയുടെ വിതരണത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിന്;".

5. 4 -ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(2) അംഗത്വം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതും അപ്രകാരം സമർപ്പിക്കുന്ന അപേക്ഷ അപേക്ഷകനുമായി ബന്ധപ്പെട്ട ക്ഷീരസംഘം പരിശോധിച്ച് ശിപാർശ ചെയ്ത ശേഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതുമായ ക്ഷീരവികസനവകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ക്ഷേമനിധിയിലേക്ക് സമർപ്പിക്കേണ്ടതുമാണ്." ;

(ii) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യമാകുകയാണെങ്കിൽ തൊട്ടടുത്തു ചേരുന്ന ബോർഡ് യോഗത്തിൽ തന്നെ അംഗത്വത്തിനായുള്ള അയാളുടെ അപേക്ഷ പരിഗണിക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ആ അപേക്ഷ തള്ളിക്കളയുന്ന പക്ഷം, പ്രസ്തുത വിവരം ആയതിനുള്ള കാരണം സഹിതം, അപേക്ഷ തള്ളിക്കളയാൻ തീരുമാനിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകനെ അറിയിക്കേണ്ടതാണ് :

എന്നാൽ, അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷയും തള്ളിക്കളയാൻ പാടുള്ളതല്ല.".

6. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" 6. സംഘങ്ങൾ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെന്ന്.—ഓരോ സംഘവും, ശേഖരിക്കുന്ന പാലിന്റെ അളവ്, പാൽ നൽകിയ ദിവസം, അംഗങ്ങളുടെ വിവരം, പെൻഷണർമാരുടെ വിവരങ്ങൾ, അംശദായ അടവ് വിവരങ്ങൾ, ക്ഷീരകർഷകർ ഒടുക്കുന്ന അംശദായത്തിന്റെ വിവരങ്ങൾ എന്നിങ്ങനെ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററുകൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിക്കേണ്ടതും അവ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ ആവശ്യപ്പെട്ടാലും പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. " .

7. <u>8-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) ബോർഡിൽ താഴെപ്പറയും പ്രകാരം പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) മൂന്ന് മേഖലാ ക്ഷീരസഹകരണ യൂണിയനുകളുടെ ഭരണസമിതികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ആൾ വീതം ;

(ബി) സംസ്ഥാനത്തെ പരമ്പരാഗത പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ ;

(ഡി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എക്സ്-ഒഫീഷ്യോ);

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ക്ഷീരവികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (എക്സ്-ഒഫീഷ്യോ);

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (എക്സ്-ഒഫീഷ്യോ);

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (എക്സ്-ഒഫീഷ്യോ);

(എച്ച്) ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടർ അഥവാ പ്രതിനിധി (എക്സ്-ഒഫീഷ്യോ);

(ഐ) മിൽമ ചെയർമാൻ (എക്സ്-ഒഫീഷ്യോ).".

8. <u>11-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 11-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ക്ഷീരവികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ കുറയാത്ത തസ്തികയിൽ ആ വകുപ്പിൽ തന്നെ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനായിരിക്കേണ്ടതാണ്. അദ്ദേഹം ബോർഡ് യോഗങ്ങളിൽ പങ്കെടുക്കേണ്ടതും യോഗത്തിന്റെ മിനിറ്റ്സ് ഉൾപ്പെടെയുള്ള രേഖകൾ കൈകാര്യം ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.".

9. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 13-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(4) ക്ഷീരകർഷകർ നൽകുന്ന അംശദായം, സംഘങ്ങൾ ക്ഷേമനിധിയിലേയ്ക്ക് അതതുമാസം തന്നെ അടച്ചില്ലെങ്കിൽ (3)-ാം ഉപവകുപ്പിൽ പറയുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക പതിനെട്ട് ശതമാനം വാർഷിക പലിശ സഹിതം വസൂലാക്കാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ് :

എന്നാൽ, കാലതാമസം നേരിട്ടതിന് ഉള്ള കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷിക്കുന്ന പക്ഷം ബോർഡിന് പലിശനിരക്കിന്റെ കാര്യങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് . ".

10. 22-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിൽ, 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, ", വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് " എന്ന ചിഹ്നവും വാക്കുകളും വിട്ടുകളയേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് 2005 ആഗസ്റ്റ് 24-ന് പ്രാബല്യത്തിൽ വന്നു. നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനുമായി ആക്റ്റിന്റെ 8-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിലവിൽ 12 അംഗങ്ങളാണുള്ളത്. ആകെയുള്ള ക്ഷീരസംഘങ്ങളിലെ 85 ശതമാനം വരുന്ന ആനന്ദ് മാതൃക ക്ഷീരസംഘങ്ങളുടെ (APCOS) പ്രാതിനിധ്യം നിലവിലെ ബോർഡിൽ ഇല്ലാത്ത സാഹചര്യത്തിൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേരെ കൂടി ഉൾപ്പെടുത്തി, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ എണ്ണം നിലവിലെ 12-ൽ നിന്നും 15 ആയി ഉയർത്താൻ സർക്കാർ തീരുമാനിച്ചു.

ക്ഷേമനിധിയിലെ അംഗത്വം നേടുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സംഘങ്ങളിലെ അംഗങ്ങളെയും പെൻഷണർമാരെയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ, പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായിവരുന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് നിർബന്ധമാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ആക്റ്റിൽ ഉൾപ്പെടുത്താനും കൂടാതെ, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ്

ഓഫീസറായി ക്ഷീരവികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനും ക്ഷീരകർഷകർ നൽകുന്ന അംശദായം സംഘങ്ങൾ ക്ഷേമനിധിയിലേയ്ക്ക് അതതുമാസം അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം പ്രസ്തുത തുക സംഘത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് പലിശസഹിതം വസൂലാക്കുന്നതിനും സർക്കാരിന് ബോർഡിനെ സൂപ്പർസീഡ് ചെയ്യാൻ നിഷ്കർഷിച്ച കാലയളവ് പരിധി ഒഴിവാക്കുന്നതിനുമായി ആക്റ്റിൽ ഭേദഗതികൾ വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ യൂണിയനുകളുടെ ഭരണസമിതികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേരെ ഉൾപ്പെടുത്തി നിലവിലെ പന്ത്രണ്ടിൽ നിന്നും പതിനഞ്ചായി ഉയർത്താൻ ബില്ലിന്റെ 7-ാം ഖണ്ഡപ്രകാരം സർക്കാർ ഉദ്ദേശിക്കുന്നു. ബോർഡ് അംഗങ്ങൾക്ക് നൽകേണ്ടതായിട്ടുള്ള സിറ്റിംഗ് ഫീസും, യാത്രാബത്തയും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത് എന്നതിനാൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ജെ. ചിഞ്ചുറാണി.

## 2007 - ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ്
## (2007-ലെ 7-ാം ആക്റ്റ്)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

പീഠിക.—കേരള സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും, അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും, അതിന് ആനുഷംഗികമായ മറ്റു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ബോർഡ് ' എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(എം) 'സംഘം' എന്നാൽ 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്യുതോ, രജിസ്റ്റർ ചെയ്യതായി കരുതപ്പെടുന്നതോ ആയതും ക്ഷീരവികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നതുമായ പ്രാഥമിക ക്ഷീരസഹകരണ സംഘം എന്നർത്ഥമാകുന്നു.

** ** ** **

3. ക്ഷീരകർഷക ക്ഷേമനിധി പദ്ധതി.—(1) ** **

** ** ** **

(2) നിധിയിൽ താഴെപ്പറയുന്നവ വരവുവയ്ക്കേണ്ടതാണ്,—

(i) ** ** **

(ii) ** ** **

(iii) ** ** **

(iv) കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങൾ, പാൽ ഉൽപ്പന്ന നിർമ്മാതാക്കൾ, സ്വകാര്യ ഡയറി ഉടമകൾ, കന്നുകാലികൾക്കുള്ള മരുന്ന് നിർമ്മാതാക്കളും വിതരണക്കാരും, കന്നുകാലി ബീജോൽപ്പാദനവും വിതരണവും നടത്തുന്നവർ എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനയോ മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള സംഭാവനയോ വരവുകളോ;

** ** ** **

(4) നിധി താഴെ ചേർത്തിരിക്കുംപ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) ** ** **

(ബി) ** ** **

(സി) ** ** **

(ഡി) ** ** **

(ഇ) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന്.

** ** ** **

4. <u>നിധിയിലെ അംഗത്വം.</u>—(1) ** ** **

(2) രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഈ ആവശ്യത്തിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതുമായ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥന് നിർദ്ദിഷ്ട ഫാറത്തിൽ നൽകേണ്ടതാണ്.

** ** ** **

(4) ഈ ആക്റ്റിലെയും, പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് (2)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ബോദ്ധ്യമാകുകയാണെങ്കിൽ അയാളെ ഉടൻ തന്നെ അംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ അപേക്ഷ തള്ളിക്കളയുന്നപക്ഷം, പ്രസ്തുത വിവരം രേഖാമൂലം അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

എന്നാൽ, അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷയും തള്ളിക്കളയാൻ പാടുള്ളതല്ല.

** ** ** **

6. <u>സംഘം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെന്ന്.</u>—ഓരോ സംഘവും ശേഖരിക്കുന്ന പാലിന്റെ അളവ്, പാൽ നൽകിയ ദിവസം മുതലായ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിക്കേണ്ടതും അത് ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ ആവശ്യപ്പെട്ടാലും പരിശോധിക്കാനായി സമർപ്പിക്കേണ്ടതുമാണ്.

** ** ** **

8. <u>ബോർഡിന്റെ രൂപീകരണം.</u>—(1) ** **

(2) ** ** ** **

(3) ബോർഡിൽ, താഴെപ്പറയും പ്രകാരം പന്ത്രണ്ട് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) മൂന്ന് മേഖലാ ക്ഷീരസഹകരണ യൂണിയനുകളുടെ ഭരണസമിതികളിൽ നിന്നും ക്ഷീരകർഷകരെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ആൾ വീതം ;

(ബി) പരമ്പരാഗത പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ ;

(സി) ക്ഷീരവികസന വകുപ്പിലെ ഡയറക്ടർ അഥവാ പ്രതിനിധി;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധീകരിക്കുന്ന മൂന്ന് പേർ;

(ഇ) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ (എക്സ് -ഒഫീഷ്യോ);

(എഫ്) മിൽമ ചെയർമാൻ.

** ** ** **

11. <u>ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം.</u>— (1) **

** ** ** **

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ക്ഷീരവികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത തസ്തികയിൽ ക്ഷീരവികസന വകുപ്പിൽ ജോലിയുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കേണ്ടതാണ്.

** ** ** **

13. <u>അംശദായം പിരിച്ചെടുക്കൽ.</u>—(1) ** **

(2) ** ** ** **

(3) ഓരോ ക്ഷീരകർഷകനും 7-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ടതായ അംശദായം അതത് സംഘങ്ങളിൽ നൽകാവുന്നതും അപ്രകാരം നൽകിയ തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയിൽ അടയ്ക്കേണ്ടത് സംഘം സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതുമാണ്.

** ** ** **

22. <u>ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ബോർഡ് തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിക്രമിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം, സർക്കാരിന് ഗസറ്റ് വിജ്ഞാപനപ്രകാരം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറ് മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

** ** ** **